(ഇ) എങ്കിൽ വിശദീകരിക്കുമോ;

(എഫ്) വിദേശ വിനോദസഞ്ചാരികൾ നടത്തുന്ന ഷോപ്പിംഗുകൾക്ക് പ്രത്യേക കിഴിവുകളും പ്രോൽസാഹനങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം സീസൺ ഒക്ടോബർ മുതൽ മേയ് വരെയാണ്.

(ബി) കഴിഞ്ഞ ടൂറിസം സീസണിൽ (ഒക്ടോബർ 3 മുതൽ ഡിസംബർ 3 വരെ) 22 ചാർട്ടേർഡ് ഫ്ളൈറ്റുകൾ കേരളത്തിലെത്തിയിട്ടുണ്ട്. വിനോദസഞ്ചാരികളുമായി എത്തിയ ചാർട്ടേർഡ് നൗകകളുടെ എണ്ണം ലഭ്യമല്ല.

(സി) ചാർട്ടേർഡ് ഫ്ളൈറ്റുകൾ പ്രോൽസാഹിപ്പിക്കുന്നതിനായി ഇപ്പോൾ വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിക്കുന്നില്ല. സംസ്ഥാനത്തിന്റെ മാറിയ ടൂറിസം നയത്തിന്റെ ഭാഗമായി സ്വതന്ത്ര ടൂറിസ്റ്റുകളേയും ഉയർന്ന വിനിമയ ശേഷിയുള്ള വിഭാഗങ്ങളിലുള്ള വിനോദസഞ്ചാരികളേയുമാണ് കൂടുതലായി ലക്ഷ്യമിടുന്നത്.

(ഡി ആന്റ് ഇ) ഉണ്ട്. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും നടക്കുന്ന വിവിധ വിനോദസഞ്ചാരമേളകളിൽ സംസ്ഥാനത്തുനിന്നുള്ള പരമാവധി ടൂർ ഓപ്പറേറ്റർമാരെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പങ്കെടുപ്പിക്കാറുണ്ട്. തന്നെയുമല്ല വകുപ്പ് അന്തരാഷ്ട്രതലത്തിലും ദേശീയ തലത്തിലും നടത്തുന്ന റോഡ് ഷോകളിലും താൽപ്പര്യമുള്ള മുഴുവൻ ടൂർ ഓപ്പറേറ്റർമാരെയും ഉൾപ്പെടുത്താറുണ്ട്. കൂടാതെ സംസ്ഥാനത്ത് വകുപ്പ് നടത്തുന്ന കേരള ട്രാവൽമാർട്ട്, മിസ്റ്റിക്സ് ഓഫ് മലബാർ തുടങ്ങിയ എല്ലാ മേളകളിലും അവരുടെ സജീവസാന്നിധ്യം ഉറപ്പുവരുത്തുന്നുണ്ട്.

(എഫ്) ഷോപ്പിംഗ് ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം സ്വർണ്ണോൽസവം എന്ന പേരിൽ കേരളത്തിലെ മുഴുവൻ സ്വർണ്ണവ്യാപാരികളുടേയും സജീവ സഹകരണത്തോടെ ഒരു പരിപാടി ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ടി മേള ഈ വർഷവും നടത്തുന്നതിനുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു. ഇതുപോലുള്ള ഷോപ്പിംഗ് പ്രോൽസാഹിപ്പിക്കുന്ന പരിപാടികൾ മേലിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളും, ടൂറിസ്റ്റുകളും

7 [985] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് സന്ദർശനം നടത്തിയെന്നും ഇതിലേറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) വിദേശത്ത് നിന്ന് എത്തുന്ന ടൂറിസ്റ്റുകൾ ഏതെങ്കിലും തരത്തിലുള്ള ആക്രമണങ്ങൾക്കോ ഉപദ്രവങ്ങൾക്കോ പീഡനങ്ങൾക്കോ വിധേയരായിട്ടുള്ള സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പരിസ്ഥിതി മലിനീകരണം കാരണം വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനം കുറഞ്ഞു വരുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഗണിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങലെ മാലിന്യ വിമുക്തമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം നേരിടുന്നതിന് ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ സ്നാന സൗകര്യങ്ങളുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് അപകടങ്ങളിൽ പരിക്കേറ്റു എന്നും അവരിൽ വിദേശികൾ, കേരളീയർ, അന്യസംസ്ഥാനക്കാർ എന്നിവർ എത്രയെന്നും അറിയിക്കാമോ ;

(എച്ച്) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മയക്കുമരുന്ന് വ്യാപാരം തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും, എത്ര മയക്കുമരുന്ന് കേസുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അതിൽ എത്ര പേർ വിദേശികളാണെന്നും, എത്ര പേർ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം താഴെപ്പറയുന്നു:

വർഷം	*വിദേശ വിനോദ സഞ്ചാരികൾ*
2001	208830
2002	232564
2003	294621

ഇതിലേറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ യഥാക്രമം കൊച്ചി, കോവളം, തേക്കടി, കുമരകം എന്നിവയാണ്.

(ബി) ഗൗരവസ്വഭാവമുള്ള സംഭവങ്ങൾ ഒന്നും തന്നെ ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(എഫ്) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

(ജി) കൃത്യമായ കണക്കുകൾ ടൂറിസം വകുപ്പിൽ ലഭ്യമല്ല.

(എച്ച്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly